ദേശാഭിമാനി 2022 ഫെബ്രുവരി 19 ശനി

## സംരംഭകത്വ വികസനത്തിന് കൈത്താങ്ങ്

# കെഎഫ്സി ഇതുവരെ നൽകിയത് 112 കോടിയുടെ വായ്പ

**തിരുവനന്തപുരം**

സംസ്ഥാനത്തെ സംരംഭകർക്ക് കൈത്താങ്ങായി കേരള ഫിനാൻഷ്യൽ കോർപറേഷൻ (കെഎഫ്സി). ഇതുവരെ 112 കോടി രൂപയുടെ വായ്പ നൽകി. 1954 സംരംഭത്തിനാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. അടുത്ത അഞ്ച് സാമ്പത്തിക വർഷത്തിൽ പ്രതിവർഷം 500 സംരംഭത്തിന് വായ്പ നൽകി 2500 സംരംഭത്തിന് വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം.

2020 ജൂലൈയിലാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെന്ന വായ്പാ പദ്ധതി കെഎഫ്സി ആവിഷ്കരിച്ചത്. ഏഴു ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപവരെ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്ന വിധത്തിൽ ആവിഷ്കരിച്ച പദ്ധതി പിന്നീട് ഒരു കോടി വരെ അഞ്ചു ശതമാനം പലിശയ്ക്ക് നൽകുന്ന തരത്തിലേക്ക് പരിഷ്കരിച്ചു.

സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ, കേരള സ്റ്റാർട്ടപ് മിഷനിൽ രജിസ്റ്റർ ചെയ്ത 10 വർഷത്തിൽ കുറയാത്ത സ്റ്റാർട്ടപ്പുകൾ, പ്രവാസികളുടെ സംരംഭങ്ങൾ, കൃഷി, കോഴി വളർത്തൽ, മത്സ്യക്കൃഷി തുടങ്ങിയ മേഖലകളിലുള്ള സംരംഭകർക്ക് പദ്ധതി പ്രകാരം വായ്പ ലഭിക്കും. ആവശ്യമായ രേഖകൾ സഹിതം www.kfc.org യിൽ ഓൺലൈനായി അപേക്ഷിക്കാം. കെഎഫ്സിയുടെ ബ്രാഞ്ച് ഹെഡ് ചെയർപേഴ്സണും നോഡൽ ഓഫീസറും വ്യവസായ ബാങ്കിങ് വിദഗ്ധരും അടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തുക.

50 വയസ്സിൽ താഴെയായിരിക്കണം മുഖ്യ സംരംഭകന്റെ പ്രായം. പട്ടികജാതി പട്ടികവർഗ സംരംഭകർക്കും വനിതാ സംരംഭകർക്കും പ്രവാസി സംരംഭകർക്കും പ്രായപരിധി 55 വയസ്സാണ്. നിലവിലുള്ള സംരംഭങ്ങൾ ആധുനികവൽക്കരിക്കാനും പദ്ധതിച്ചെലവിന്റെ 90 ശതമാനംവരെ വായ്പ ലഭിക്കും. പുതിയ പദ്ധതികൾക്ക് ഒരു കോടിക്ക് മുകളിലും വായ്പാതുക അനുവദിക്കും. ഒരു കോടി രൂപവരെ പ്രത്യേക പലിശനിരക്കും അതിനു മുകളിലുള്ള തുകയ്ക്ക് കെഎഫ്സിയുടെ സാധാരണ പലിശ നിരക്കും ഈടാക്കും. 10 വർഷത്തിനുള്ളിൽ വായ്പ തിരിച്ചടച്ചാൽ മതി. ഇതിൽ അഞ്ചു വർഷം പലിശ സബ്സിഡിയുണ്ട്.

ഫോൺ: 1800 890 1030

# ഇ-മാർക്കറ്റിന് പ്ലാറ്റ്ഫോം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

ഉൽപ്പാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിക്കാൻ ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കും. ഏറ്റവും ചെറിയ സംരംഭങ്ങൾക്കുപോലും വിപണി കണ്ടെത്താനാകും.

തുടക്കക്കാർക്കും സംരംഭകർക്കും ഭരണനിർവഹണ സംരംഭകത്വ പരിശീലനം നൽകും.

വ്യവസായ മുന്നേറ്റത്തിനുള്ള

**ഒരു ലക്ഷം സംരംഭം സ്ഥാപിക്കുന്നതിന് ടെക്നോളജി ക്ലിനിക്**

പ്രധാന പദ്ധതികൾ:

- സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കും
- കൊച്ചി– പാലക്കാട് വ്യവസായ ഇടനാഴി വികസിപ്പിക്കൽ
- ചേർത്തലയിൽ മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് പ്രവർത്തനം തുടങ്ങും
- പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്,



റബർ ലിമിറ്റഡ് എന്നിവ ഈ വർഷം
- അമ്പലമുകളിലെ 481 ഏക്കർ കിൻഫ്ര പെട്രോ കെമിക്കൽപാർക്കിന്റെയും കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയുടെയും അതിവേഗ വികസനം
- തൊടുപുഴയിൽ സുഗന്ധവ്യഞ്ജന പാർക്ക്
- ഒരു ലക്ഷം സംരംഭം സ്ഥാപിക്കുന്നതിന് ടെക്നോളജി ക്ലിനിക്
- കയർ ജിയോ ടെക്സ്റ്റൈൽസ് വിപണി രാജ്യമാകെ വ്യാപിക്കും
- കശുമാവ് കൃഷിക്കും കശുവണ്ടി വ്യവസായത്തിനും മാസ്റ്റർ പ്ലാൻ